നം. CEE/4050/2016/ KEAM -2017/ TA.1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM -2017

## സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ടയിലേയ്ക്കുള്ള പ്രവേശനം

## വിദ്യാർത്ഥികൾ സമർപ്പിക്കേണ്ട രേഖകൾ സംബന്ധിച്ച്

സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ 15% എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ എൻ.ആർ.ഐ യോഗ്യത തെളിയിക്കുന്നതിനുള്ള രേഖകൾ 31.07.2017–നകം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കണമെന്ന് 22.07.2017 തീയതിയിലെ ഈ ഓഫീസ് വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിരുന്നു. സമർപ്പിക്കേണ്ടുന്ന രേഖകൾ സംബന്ധിച്ച വിവരങ്ങളും പ്രസ്തുത വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ 28.07.2017 തീയതിയിൽ അഡ്മിഷൻ ആന്റ് ഫീ റഗുലേറ്ററി കമ്മിറ്റി പുറപ്പെടുവിച്ചിട്ടുള്ള എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം എൻ.ആർ.ഐ ക്വാട്ടയിൽ അപേക്ഷിക്കുന്നവർ എംബസി സാക്ഷ്യപ്പെടുത്തിയ ഓവർസീസ് എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റിനു പകരം സ്പോൺസർ ഒരു നോൺ റസിഡന്റ് ഇന്ത്യൻ/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ ആണെന്ന് തെളിയിക്കുന്ന എംബസി/കോൺസുലേറ്റ് നൽകുന്ന സർട്ടിഫിക്കറ്റോ, ഗ്രീൻ കാർഡ് രേഖകളോ സമർപ്പിച്ചാൽ മതിയാകും. എംബസി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ തൊഴിൽ സംബന്ധിച്ച വിവരങ്ങൾ സ്പോൺസറുടെ പാസ്പോർട്ടിൽ എംബസി/കോൺസുലേറ്റ് സാക്ഷ്യപ്പെടുത്തിയിട്ടുള്ള പക്ഷം അതും സ്വീകരിക്കുന്നതാണ്. എൻ.ആർ.ഐ യോഗ്യത തെളിയിക്കുന്നതിന് സമർപ്പിക്കേണ്ടുന്ന മറ്റ് രേഖകൾക്ക് മാറ്റമില്ല. ആയതിന്റെ അടിസ്ഥാനത്തിൽ എൻ.ആർ.ഐ യോഗ്യത തെളിയിക്കുന്നതിനുള്ള രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 05.08.2017 ആയി ദീർഘിപ്പിച്ചിട്ടുണ്ട്.

എൻ.ആർ.ഐ യോഗ്യത തെളിയിക്കുന്നതിനുള്ള മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റുകൾ/രേഖകൾ **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695001** എന്ന വിലാസത്തിൽ നേരിട്ടോ, രജിസ്റ്റേർഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ **05.08.2017 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി എത്തിക്കേണ്ടതാണ്.

**Help Line Numbers: 0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
31.07.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**